**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി. കെ. സി. മമ്മത് കോയ,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ. പി.വി.അൻവർ** | | **Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | ഭരണഘടനയുടെ 101-ാം നമ്പർ ഭേദഗതി പ്രകാരം ജി.എസ്.ടി. നടപ്പിലാക്കുന്നതുകൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ കുറവുണ്ടാവുകയാണെങ്കിൽ അഞ്ച് വർഷത്തേക്ക് അവ നികത്തേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തതിനെ തുടർന്ന് സംസ്ഥാന സർക്കാരുകൾ അംഗീകാരം നൽകി ജി.എസ്.ടി. പ്രാബല്യത്തിലായെങ്കിലും നഷ്ടപരിഹാരം നൽകാനാവില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നോ; | (എ) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാന ത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് നഷ്ടപരിഹാരം Cess വഴി ലഭിച്ചത്, ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. |
| (ബി) | നികുതി നിർണ്ണയാധികാരം കവരുകയും കോവിഡ് മഹാമാരി കാലത്ത് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാതിരിക്കുകയും ചെയ്തത് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാധ്യമായിട്ടുണ്ടോ; | (ബി) | സാമ്പത്തിക വർഷം 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപ ആണ്. ഇതിൽ ഡിസംബർ 31, 2020 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിനു നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സിൽ വരുമാന നഷ്ടം ഉണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ഇത് 41-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിങ്ങിൽ ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 1897.80 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ ജി.എസ്.ടി നഷ്ടപരിഹാരമായി 3727.10 കോടി രൂപ (1829.3 Cess + 1897.80 Spl Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) | ലോക്ഡൗൺ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വലിയ ഇടിവ് സൃഷ്ടിച്ചപ്പോഴും ജനങ്ങൾ ദുരിതത്തിൽ പെടാതിരിക്കാനും സമ്പദ് വ്യവസ്ഥ ചലനാത്മകമാക്കാനും സഹായ വിതരണം വർദ്ധിപ്പിച്ചിരുന്നോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | കോവിഡ് 19 മൂലം സാമൂഹ്യ, സാമ്പത്തിക, പൊതു ആരോഗ്യ മേഖലകളിലുണ്ടായ വെല്ലുവിളികളെ നേരിടുന്നതിനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി 6316.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 2226.55 കോടി രൂപ അധിക നടപടികൾക്കായുള്ള സാമ്പത്തിക പ്രതിബദ്ധതയായി വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ നടപ്പ സാമ്പത്തിക വർഷം 8000 കോടി രൂപയോളം ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡിലെ തൊഴിലാളികളായ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 362,38,97,840/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 187,22,66,000/- രൂപ കോവിഡ് 19 ധനസഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, സാമ്പത്തികഭദ്രതയുള്ള ബോർഡുകൾ തനതു ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 156,80,76,050/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ സൊസൈറ്റികൾ/ തോട്ടങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി സർക്കാർ എല്ലാവർഷവും നൽകിവരുന്ന എക്സ്ഗ്രേഷ്യ വിതരണത്തിനുപുറമെ 2019-20 സാമ്പത്തിക വർഷം 100 ക്വിന്റലിനുതാഴെ കയർ പിരിച്ച തീരദേശമേഖലയിലെ കയർ സംഘങ്ങളിലെ തൊഴിലാളികൾക്കായി എക്സ്ഗ്രേഷ്യ/ ഫെസ്റ്റിവൽ അലവൻസ് 2000/- രൂപ നിരക്കിൽ നൽകുന്നതിനായി 2020-21 സാമ്പത്തികവർഷം 1899 തൊഴിലാളികൾക്ക് |

| | | | |
|---|---|---|---|
| | | | 37,98,000/- രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | അർഹരായവർക്കെല്ലാം വിവിധ ക്ഷേമ പെൻഷനുകൾ നൽകാനും അവ യഥാസമയം ലഭ്യമാക്കാനും തുക വർദ്ധിപ്പിക്കാനും സർക്കാരിനായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | ലോക്ഡൗൺ കാലയളവിൽ, 24-03-2020-ലെ സ.ഉ.(ആർ.റ്റി) നം. 2456/2020/ധന നമ്പർ ഉത്തരവ് പ്രകാരം 2019 ഒക്ടോബർ, നവംബർ മാസങ്ങളിലെയും, 30-03-2020-ലെ സ.ഉ.(ആർ.റ്റി.) നം.2588/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും, 05-05-2020-ലെ സ.ഉ.(ആർ.റ്റി) നം. 2941/2020/ധന. ഉത്തരവു പ്രകാരം ഡിജിറ്റൽ സൈൻ ചെയ്യാതിരുന്നതിനാൽ തടഞ്ഞു വയ്ക്കപ്പെട്ട വിധവ/അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾക്കും 2019 ഒക്ടോബർ, നവംബർ, ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും, 24-07-2020-ലെ സ.ഉ.(ആർ.റ്റി) നം. 4325/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2020 മെയ്, ജൂൺ മാസങ്ങളിലെയും, 17-08-2020-ലെ സ.ഉ.(ആർ.റ്റി) നം. 4730/2020/ധന. ഉത്തരവു പ്രകാരം 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും സാമൂഹ്യ സുരക്ഷാ പെൻഷനുകളും, വ്യത്യസ്ത ഉത്തരവുകളിലായി, ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിരുന്നു. 2020 സെപ്തംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡു പെൻഷനുകൾ അതതുമാസം അനുവദിച്ചു വരുന്നു. 2020 ഡിസംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം അനുവദിച്ചിട്ടുണ്ട്. 01-04-2020 മുതൽ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ തുക 1300/- രൂപയായും 01-09-2020 മുതൽ 1400/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. 05-01-2021-ലെ സ.ഉ(എം.എസ്.)നം. 3/2021/ധന പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡു പെൻഷൻ തുക 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- 44 ലക്ഷം കുടുംബങ്ങൾക്കും വിവിധ ക്ഷേമനിധി ബോർഡുകളിലെ 6.5 ലക്ഷം വരുന്ന ഗുണഭോക്താക്കൾക്കുമായി ഏഴു മാസത്തെ ക്ഷേമപെൻഷൻ നൽകുന്നതിനായി മുൻകുടിശ്ശിക ഉൾപ്പെടെ 2020 ആഗസ്റ്റ് മാസംവരെ 4405.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് സെപ്റ്റംബറിലും ജനുവരിയിലുമായി ക്ഷേമപെൻഷൻ 100 രൂപ വീതം വർദ്ധിപ്പിച്ച് നിലവിൽ 1500 രൂപ ആയിട്ടുണ്ട്. ഇപ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ സാമ്പത്തിക വർഷം 8000 കോടി രൂപയോളം ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.
- യാതൊരുവിധ ക്ഷേമപെൻഷനുകളും ലഭിക്കാത്ത 14,78,236 ബി.പി.എൽ. അന്ത്യോദയ കുടുംബങ്ങൾക്ക്  കുടുംബം ഒന്നിന് 1000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതിനായി 147.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനായി CM's Helping Hand Loan Scheme (CMHLS) പദ്ധതിയിലൂടെ 2000 കോടി രൂപയുടെ മൈക്രോ ക്രെഡിറ്റ് ഫെസിലിറ്റി പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതിവഴി കുടുംബശ്രീ അയൽക്കൂട്ടത്തിലെ ഓരോ അംഗത്തിനും അവരുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് 5000 രൂപ/10000 രൂപ/20000 രൂപ എന്നിങ്ങനെ പരമാവധി 20000 രൂപ വരെ വായ്പ ലഭിക്കുന്നതാണ്. ഇപ്രകാരം നൽകുന്ന വായ്പയുടെ പലിശഭാരം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.
- ലോക്ക് ഡൗൺ സമയത്ത് ക്വാറന്റൈനിൽ കഴിഞ്ഞവർക്കും മറ്റു ആവശ്യക്കാർക്കും ഭക്ഷണം നൽകുന്നതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കുടുംബശ്രീ വഴി 1000 സമൂഹ അടുക്കളകൾ പ്രവർത്തിച്ചു.
- സുരക്ഷ/മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും അടിയന്തരമായി വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 200 കോടി രൂപ നൽകി.
- ലോക്ക് ഡൗൺ കാലയളവിൽ അവശ്യ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കിറ്റ് ഒന്നിന് 972 രൂപ നിരക്കിൽ 87 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.
- AAY, PHH, NPS, NPNS തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും 300 കോടി രൂപയുടെ സൗജന്യ റേഷൻ നൽകി.
- എല്ലാ ക്ഷേമനിധി ബോർഡിലും ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 1000 രൂപ വീതം സഹായധനം നൽകുന്നതിനായി സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 31.68 ലക്ഷം വരുന്ന ഗുണഭോക്താക്കൾക്ക് DBT Mode മുഖാന്തരം ഈ തുക ലഭ്യമാക്കുന്നതിനായി 355.39 കോടി രൂപ വിനിയോഗിച്ചു.
- ലോട്ടറി, കയർ, എൻഡോസൾഫാൻ ഇരകൾ, കലാകാരൻമാർ, കൈത്തറി ജീവനക്കാർ എന്നിവരുൾപ്പെടുന്ന 1.78 ലക്ഷം ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായമായി 57.67 കോടി രൂപ വിനിയോഗിച്ചു.

➢ അധിക നടപടികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| അവശ്യ ഭക്ഷ്യ കിറ്റുകളുടെ വിതരണം | – | 1600 കോടി രൂപ |
| സാമൂഹ്യ സുരക്ഷ പെൻഷൻ | – | 420 കോടി രൂപ |
| ടൂറിസം മേഖല – പലിശ സഹായം | – | 33.90 കോടി രൂപ |
| കെ.എഫ്.സി. – പലിശ സഹായം | – | 135 കോടി രൂപ |
| വ്യവസായ വകുപ്പ് – ഭദ്രത സ്കീം – പലിശ സഹായം | – | 37.65 കോടി രൂപ |
| **ആകെ** | **–** | **2226.55 കോടി രൂപ** |

➢ സാമൂഹ്യ പെൻഷൻ/ക്ഷേമനിധി പെൻഷൻ എന്നിവ 100 രൂപ വർദ്ധിപ്പിച്ച് 1400 രൂപയാക്കി. തുടർന്ന് ഇതിൽ വീണ്ടും വർദ്ധനവ് വരുത്തി ജനുവരി 2021 മുതൽ 1500 രൂപയാക്കിയിട്ടുണ്ട്.

➢ കോവിഡ് 19 മൂലം പ്രവർത്തനം സാരമായി ബാധിച്ച MSME മേഖലയിൽ ആശ്വാസ പദ്ധതികളും ധനസഹായവും നൽകുന്നതിനായി വ്യവസായ ഭദ്രത എന്ന പേരിൽ ഒരു സ്പെഷ്യൽ പാക്കേജ് രൂപീകരിച്ചു.

➢ കേരള പ്രവാസി കേരളീയ വെൽഫയർ ഫണ്ട് പ്രവാസി പെൻഷനേഴ്സിനായി ഒറ്റത്തവണ സഹായധനമായി 1,000 രൂപ അനുവദിച്ചു. കേരള പ്രവാസി കേരളീയ വെൽഫയർ ഫണ്ടിലെ കോവിഡ് പോസിറ്റീവായ അംഗങ്ങൾക്ക് അടിയന്തര സഹായധനമായി 10,000 രൂപ അനുവദിച്ചു. കോവിഡ് 19 മൂലം ജോലിയിൽ തിരികെ പ്രവേശിക്കാൻ കഴിയാത്ത സാധുവായ പാസ്പോർട്ടും തൊഴിൽവിസയും ഉള്ളവർക്കും വിസാ കാലാവധി അവസാനിച്ചവർക്കും അടിയന്തര സഹായമായി 5000 രൂപ അനുവദിച്ചു.

➢ സാന്ത്വന പദ്ധതിയിലുൾപ്പെടുന്ന രോഗങ്ങളുടെ കൂട്ടത്തിൽ കോവിഡ് 19–നെ ഉൾപ്പെടുത്തിക്കൊണ്ട് കോവിഡ് 19 ബാധിച്ച പ്രവാസികൾക്കായി 10,000 രൂപ ധനസഹായം അനുവദിച്ചു.

➢ ടൂറിസം മേഖലയിലെ പ്രതിസന്ധി നേരിടുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കുമായി ചേർന്നുകൊണ്ട് ടൂറിസം മേഖലയിലെ ജീവനക്കാർക്കായി വായ്പകളുടെ പലിശ കുറയ്ക്കുന്ന പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്. ട്രാവൽ & ടൂറിസം മേഖലയ്ക്ക് ആശ്വാസമായി Tourism Working Capital Support Scheme ആവിഷ്കരിച്ചു. ഹൗസ് ബോട്ടുകളുടെ സംരക്ഷണത്തിനായി Tourism House Boats Support Scheme ആവിഷ്കരിച്ചു. ലൈസൻസുള്ള 328 ടൂറിസം ഗൈഡുകൾക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ Tourism Guides Support Scheme പ്രകാരം അനുവദിച്ചു.

➢ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി Chief Minister's Entrepreneurship Development Programme എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.